**ഭാരതത്തിന് പുറത്തുള്ള അടുത്ത ബന്ധുക്കളിൽ നിന്നും വായ്പകൾ ഉദാരമാക്കൽ**

സെപ്റ്റംബർ 6, 2002

ഭാരതത്തിൽ താമസിക്കുന്നവർക്ക് വിദേശവിനിമയ ഇടപാടുകൾ സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും ലളിതമാക്കുകയും ഉദാരമാക്കുകയും ചെയ്യുന്നതിനായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നടപടികൾ കൈക്കൊണ്ടുവരികയാണ്.

നിലവിലുള്ള നിയമങ്ങൾ പ്രകാരം ഭാരതനിവാസികൾക്ക് 250000 യു.എസ് ഡോളർ വരെ ഭാരതത്തിന് പുറത്ത് വസിക്കുന്ന അടുത്ത ബന്ധുക്കളിൽ നിന്നും പലിശരഹിതവും 7 വർഷത്തിന് ശേഷം മാത്രം തിരിച്ചടയ്ക്കേണ്ടതുമായ വായ്പകൾ സ്വീകരിക്കാനുള്ള പൊതുഅനുമതിയുണ്ട്. റിസർവ് ബാങ്കിന് ഇത് സംബന്ധിച്ച് ലഭിച്ചിട്ടുള്ള ഹരജികൾ പരിഗണ ിച്ച് അത്തരം വായ്പകളുടെ തിരിച്ചടവ് നടത്തേണ്ട ഏറ്റവും കുറഞ്ഞകാലാവധി ഒരു വർഷമാക്കിയിരിക്കുന്നു. അതുപ്രകാരം ഭാരതവാസികൾക്ക് ഇനിമുതൽ വിദേശത്ത് പാർക്കുന്ന അടുത്ത ബന്ധുക്കളിൽ നിന്നും പലിശരഹിതവും ഒരുവർഷത്തിന് ശേഷം തിരിച്ചടക്കേണ്ടതുമായ വായ്പയായി 250000 യു എസ് ഡോളർ വരെ വാങ്ങാവുന്നതാണ്.

ഫോറിൻ എക്സ്ചെയ്ഞ്ച് മാനേജ്മെന്റ് ആക്ട്, 1999 (ഫെമ) പ്രകാരം നിലവിലുള്ള ചട്ടങ്ങൾ/നിയമങ്ങൾ വേണ്ടവിധം ഭേദഗതി ചെയ്യുന്ന അറിയിപ്പ് കാക്കവേതന്നെ റിസർവ് ബാങ്കിന്റെ പ്രദേശിക ഓഫീസുകൾ ഇതു സംബന്ധിച്ച് കിട്ടുന്ന അപേക്ഷകൾ വേഗതയിൽ കൈകാര്യം ചെയ്യേണ്ടതാണ്.

അൽപ്പന കില്ലാവാല
പൊതുകാര്യദർശി

പത്രക്കുറിപ്പ് 2002-2003/266